REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 05-10-2024 | സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധിയുടെ 18-ാം ഗഡു പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് വിതരണം ചെയ്യും.**
- **ഇന്ത്യൻ റെയിൽവേയെ ഒരു കാരണവശാലും സ്വകാര്യവത്കരിക്കില്ലെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്.**
- **സംസ്ഥാനത്തെ 30 സ്കൂൾ കെട്ടിടങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ നാടിന് സമർപ്പിക്കും.**
- **ഇന്ന് ലോക അധ്യാപകദിനം.**
- **വനിതാ ടി20 ലോകകപ്പിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്ക് തോൽവി.**

## വാർത്തകൾ വിശദമായി

പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധിയുടെ 18-ാം ഗഡു പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് മഹാരാഷ്ട്രയിലെ വാഷിം ജില്ലയിൽ വിതരണം ചെയ്യും. രാജ്യത്തെ ഒമ്പത് കോടി 40 ലക്ഷത്തോളം കർഷകർക്ക് 20,000 കോടിയിലധികം രൂപ അക്കൗണ്ടുകളിലേക്ക് നേരിട്ട് ലഭ്യമാകും.

മഹാരാഷ്ട്രയിലെ കർഷകർക്ക് 2,000 കോടി രൂപയുടെ നമോ ഷെട്കാരി മഹാ സമ്മാൻ നിധി പദ്ധതിയിലെ വിഹിതവും പ്രധാനമന്ത്രി കൈമാറും.

**ഡെസ്ക് റിപ്പോർട്ട്**

**....വോയ്സ്...**

മഹാരാഷ്ട്രയിലെ ഇന്നത്തെ സന്ദർശനത്തിൽ കൃഷി - മൃഗസംരക്ഷണ മേഖലകളിലെ 23,300 കോടിയോളം രൂപയുടെ പദ്ധതികൾക്കും അദ്ദേഹം തുടക്കമിടും. ബെഞ്ചറ വിരാസത്ത് മ്യൂസിയം ഉദ്ഘാടനം ചെയ്യുന്ന പ്രധാനമന്ത്രി താനെയിൽ 32,800 കോടിയിൽ പരം രൂപയുടെ വികസനപദ്ധതികൾക്കും തുടക്കം കുറിക്കും.

കാർഷിക അടിസ്ഥാനമേഖലയിലെ 7,500 പദ്ധതികളും നരേന്ദ്രമോദി രാജ്യത്തിന് സമർപ്പിക്കും. താനെയിലെ മെട്രോ പദ്ധതിയും ഏതാനും റോഡ് പദ്ധതികളും അദ്ദേഹം ഉദ്ഘാടനം ചെയ്യും. BKC മെട്രോ സ്റ്റേഷനിൽ മെട്രോ ട്രെയിനും പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും.

✪✪✪

ഇന്ത്യ അഞ്ച് സെമികണ്ടക്ടർ പ്ലാന്റുകൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി അടുത്തു തന്നെ സ്ഥാപിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി അറിയിച്ചു. ഇതിലൂടെ മേഡ് ഇൻ ഇന്ത്യ ചിപ്പുകൾ ലോകത്തിന് സമ്മാനിക്കാനാകുമെന്ന് ന്യൂഡൽഹിയിൽ കൗടില്യ ഇക്കണോമിക് കോൺക്ലേവിൽ പ്രധാനമന്ത്രി പറഞ്ഞു. മൊബൈൽ ഫോണുകളുടെ ഇറക്കുമതിക്കാരായിരുന്ന ഇന്ത്യ ഇപ്പോൾ ഉത്പാദകരായി മാറിയെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ലോകത്തെ ഏറ്റവും വേഗത്തിൽ വളരുന്ന അഞ്ചാമത്തെ സാമ്പത്തിക ശക്തിയാണ് ഇന്ന് ഇന്ത്യ. ഇരുചക്രവാഹനങ്ങളുടെയും ട്രാക്ടറുകളുടെയും ഉത്പാദനത്തിൽ ഒന്നാം സ്ഥാനവും മൊബൈൽ ഫോൺ നിർമ്മാണത്തിൽ രണ്ടാം സ്ഥാനവും ഇന്ത്യ നേടിക്കഴിഞ്ഞു. ഇന്ത്യയുടെ വളർച്ചയിൽ സാമ്പത്തിക വിദഗ്ധരും ലോക നേതാക്കളും ശുഭാപ്തി വിശ്വാസം പ്രകടിപ്പിക്കുന്നുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

ഒരു കാരണവശാലും ഇന്ത്യൻ റെയിൽവേയെ സ്വകാര്യവത്കരിക്കില്ലെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് വ്യക്തമാക്കി. പാവപ്പെട്ടവരുടെയും ഇടത്തരക്കാരുടെയും യാത്രാസംവിധാനമാണ് ട്രെയിനുകളെന്നും അതുകൊണ്ട് തന്നെ റെയിൽവേയിലെ ഗവേഷണങ്ങൾക്കും സുരക്ഷക്കും മനുഷ്യശേഷിക്കും വലിയ നിക്ഷേപങ്ങൾ ഗവൺമെന്റ് നടത്തിവരികയാണന്നും അദ്ദേഹം മഹാരാഷ്ട്രയിലെ നാസിക്കിൽ പറഞ്ഞു. ചില രാഷ്ട്രീയ പാർട്ടികൾ റെയിൽവേയിൽ സ്വകാര്യവത്കരണം ഉണ്ടായേക്കുമെന്ന വ്യാജ പ്രചാരണങ്ങൾ നടത്തുകയാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. റെയിൽവേ സംരക്ഷണ

സേനയുടെ 40-ാം സ്ഥാപകദിന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അശ്വിനി വൈഷ്ണവ്.

✪✪✪

കഴിഞ്ഞ പത്തുവർഷങ്ങളിൽ 543 ടണ്ണിലേറെ മയക്കുമരുന്ന് കേന്ദ്ര ഗവൺമെന്റ് പിടിച്ചെടുത്തിട്ടുണ്ടെന്ന് ആഭ്യന്തരമന്ത്രി അമിത് ഷാ അറിയിച്ചു. ഇന്ത്യയെ മയക്കുമരുന്ന് മുക്തമാക്കി യുവ തലമുറയെ ഈ മാരകവിപത്തിൽ നിന്ന് മോചിപ്പിക്കാൻ ലക്ഷ്യമിട്ടാണ് ഗവൺമെന്റ് പ്രവർത്തിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ഗാന്ധിനഗറിലെ പൊതുപരിപാടിയിൽ സംസാരിക്കുകയായിരുന്നു അമിത് ഷാ.

✪✪✪

ഹരിയാനയിലെ നിയമസഭാ തിരഞ്ഞെടുപ്പ് അൽപ്പ സമയത്തിനകം ആരംഭിക്കും. 90 അംഗ നിയമസഭയിലേക്ക് ഒറ്റഘട്ടമായി നടത്തുന്ന വോട്ടെടുപ്പിൽ 1031 സ്ഥാനാർത്ഥികൾ മത്സരിക്കുന്നുണ്ട്. 20,632 പോളിങ് സ്റ്റേഷനുകൾ വോട്ടെടുപ്പിന് സജ്ജമാക്കി. എല്ലാ പോളിങ് സ്റ്റേഷനുകളിലും വെബ്കാസ്റ്റിംഗ് സംവിധാനം ഏർപ്പെടുത്തിയതായി തെരഞ്ഞെടുപ്പ് കമ്മീഷണർ അറിയിച്ചു.

ഹരിയാനയിലെയും, മൂന്നു ഘട്ടങ്ങളിലായി വോട്ടെടുപ്പ് പൂർത്തിയാക്കിയ ജമ്മുകശ്മീരിലെയും ജനവിധി ചൊവ്വാഴ്ച അറിയാം.

✪✪✪

സംസ്ഥാനത്ത് പുതുതായി നിർമിച്ച 30 സ്കൂൾ കെട്ടിടങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ ഉദ്ഘാടനം ചെയ്യും. 12 സ്കൂൾ കെട്ടിടങ്ങൾക്കും മുഖ്യമന്ത്രി തറക്കല്ലിടും. തിരുവനന്തപുരം ശ്രീകാര്യം ഗവ. ഹൈസ്കൂളിലാണ് പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം. മറ്റിടങ്ങളിൽ വിഡിയോ കോൺഫറൻസിംഗ് വഴിയാണ് ഉദ്ഘാടനം.

✪✪✪

ഇന്ന് ലോക അധ്യാപകദിനം. ആഗോളതലത്തിൽ അദ്ധ്യാപനത്തിന്റെ സമഗ്ര പുരോഗതിയെക്കുറിച്ച് പുനർവിചിന്തനം നടത്തുകയെന്ന ലക്ഷ്യത്തോടെ, 1994 മുതലാണ് ഒക്ടോബർ 5 ലോക അധ്യാപക ദിനമായി ആചരിക്കുന്നത്. "അദ്ധ്യാപകരുടെ ശബ്ദങ്ങളെ വിലമതിക്കുക: വിദ്യാഭ്യാസത്തിന് പുതിയ സാമൂഹിക കരാറിലേക്ക്", എന്നതാണ് ഈ വർഷത്തെ അദ്ധ്യാപക ദിനസന്ദേശം.

✪✪✪

സാങ്കേതിക അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് പാസ്പോർട്ട് സേവാ പോർട്ടലിന്റെ സേവനം തിങ്കളാഴ്ച്ച വരെ ലഭ്യമാകില്ലെന്ന് തിരുവനന്തപുരം റീജിയണൽ പാസ്പോർട്ട് ഓഫീസർ അറിയിച്ചു. അപേക്ഷകർ, പോലീസ് അധികാരികൾ, തപാൽ അധികാരികൾ എന്നിവർക്ക് ഈ കാലയളവിൽ പാസ്പോർട്ട് സേവാ പോർട്ടൽ സേവനം ലഭ്യമാകില്ല.

✪✪✪

പക്ഷിപ്പനിയുടേയും പന്നിപ്പനിയുടേയും രോഗ നിർണയ സംവിധാനം കേരളത്തിൽ ആരംഭിക്കുമെന്ന് മന്ത്രി J. ചിഞ്ചുറാണി അറിയിച്ചു. പേ വിഷബാധ സംശയിക്കുന്ന മൃഗങ്ങളുടെ തലച്ചോർ സാമ്പിൾ ശേഖരണത്തിനും പരിശോധനക്കും പാലോട് മൃഗരോഗ കേന്ദ്രത്തിൽ ആരംഭിച്ച പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

സംസ്ഥാന സ്കൂൾ കലോത്സവം 2025, ജനുവരി ആദ്യ വാരത്തിലേക്ക് മാറ്റി. നേരത്തെ ഡിസംബർ മൂന്നു മുതൽ ഏഴ് വരെ തിരുവനന്തപുരത്ത് കലോത്സവം നടത്താനായിരുന്നു തീരുമാനം. നാഷണൽ അച്ചീവ്മെന്റ് എക്സാം ഡിസംബർ നാലിന് നടക്കുന്ന സാഹചര്യത്തിലാണ് തീയതി മാറ്റിയത്. ഇതനുസരിച്ച് സ്കൂൾ, ഉപജില്ല, ജില്ലാതല മത്സരങ്ങളും മാറ്റും.

✪✪✪

ക്ഷീരമേഖലയുടെ ഉന്നമനം ലക്ഷ്യമിട്ട് ഓൺലൈൻ പാൽ സംഭരണത്തിനും വിപണനത്തിനുമായി ക്ഷീരവികസന വകുപ്പ് തയ്യാറാക്കിയ ക്ഷീരശ്രീ പോർട്ടൽ രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മാസ്കറ്റ് ഹോട്ടലിലെ ചടങ്ങിൽ മിൽമ ഉൽപ്പന്നങ്ങളുടെ വിപണനം മന്ത്രി J. ചിഞ്ചുറാണിയും ഉദ്ഘാടനം ചെയ്യും.

✪✪✪

കണ്ണൂരിൽ സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവത്തിൽ 998 പോയിന്റുമായി കോഴിക്കോട് ജില്ല മുന്നിട്ട് നിൽക്കുന്നു. 349 പോയിന്റുമായി തൃശ്ശൂർ ജില്ല രണ്ടാമതും 331 പോയിന്റോടെ മലപ്പുറം മൂന്നാം സ്ഥാനത്തുമുണ്ട്.

കലോത്സവം ഇന്ന് സമാപിക്കും. സമാപന സമ്മേളനം സ്പീ ക്കർ AN. ഷംസീർ ഉദ്ഘാടനം ചെയ്യും.

✪✪✪

UAE യിൽ വനിതാ ടി20 ലോകകപ്പിലെ ആദ്യ മത്സരത്തിൽ ഇന്ത്യ, ന്യൂസിലന്റിനോട് തോറ്റു. 161 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇന്ത്യ 19

ഓവറിൽ 102 റൺസിന് ഓൾ ഔട്ടായി. 19 റൺസ് വഴങ്ങി നാലു വിക്കറ്റ് വീഴ്ത്തിയ റോസ്മേരി ആണ് ന്യൂസിലൻഡിന്റെ വിജയശിൽപി.

മറ്റൊരു മത്സരത്തിൽ ദക്ഷിണാഫ്രിക്ക വെസ്റ്റ് ഇൻഡീസിനെ 10 വിക്കറ്റിന് പരാജയപ്പെടുത്തി.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബാളിന്റെ ആറാം റൗണ്ടിലെ ആദ്യ മത്സരങ്ങൾ ഇന്ന് ആരംഭിക്കും. കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ രാത്രി ഏഴരയ്ക്ക് കണ്ണൂർ വാരിയേഴ്സ് FC, തൃശ്ശൂർ മാജിക് FC യെ നേരിടും.

നിലവിൽ 9 പോയിന്റുമായി കണ്ണൂരാണ് പട്ടികയിൽ മുന്നിൽ നിൽക്കുന്നത്.

✪✪✪

ISL ഫുട്ബാളിൽ ഗോവ, നോർത്ത് ഈസ്റ്റ് യുണൈറ്റഡ് മത്സരം സമനിലയിൽ പിരിഞ്ഞു. ഇരു ടീമുകളും 3 ഗോളുകൾ വീതം നേടി.

ഇന്ന് ജംഷഡ്പൂർ FC, ഈസ്റ്റ് ബംഗാൾ SC യെ നേരിടും. വൈകുന്നേരം 5 മണിക്ക് ജാംഷെഡ്പൂരിലാണ് മത്സരം.

✪✪✪

നാലുവർഷ ബിരുദം വഴി സർവ്വകലാശാല വിദ്യാഭ്യാസം നൈപുണ്യ വികസനത്തിലേക്കും അതുവഴി തൊഴിലിലേക്കും നയിക്കുന്ന നിലയിൽ മാറുമെന്ന് മന്ത്രി ഡോ. R. ബിന്ദു പറഞ്ഞു. കണ്ണൂർ സർവ്വകലാശാലയും അസാപ് കേരളയും ചേർന്ന് ആരംഭിച്ച സെന്റർ ഫോർ സ്കിൽ ഡെവലപ്മെന്റ് കോഴ്സസ് ആൻഡ് കരിയർ പ്ലാനിംഗ് ഓൺലൈൻ വഴി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ ഭാഗമായി വിദ്യാർഥികളിൽ സംരഭകത്വം പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് മഹാത്മാ ഗാന്ധി സർവകലാശാല തുടക്കം കുറിച്ചു. സർവകലാശാലയിലെ ബിസിനസ് ഇന്നവേഷൻ ആന്റ് ഇൻകുബേഷൻ സെന്റർ സംഘടിപ്പിച്ച അഞ്ചു ദിവസത്തെ ശിൽപ്പശാലയിൽ വിദ്യാർഥികളെ തൊഴിൽ ദാതാക്കളാക്കി വളർത്താൻ തുടർപ്രവർത്തനങ്ങൾക്ക് രൂപം നൽകി.

ശില്പശാലയിൽ പങ്കെടുത്ത 30 അധ്യാപകർ കോളജ് തലത്തിലുള്ള പ്രവർത്തനങ്ങൾക്ക് ഏകോപനം നൽകും.

✪✪✪

കാലിക്കറ്റ് ചേമ്പർ ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രി സിൽവർ ജൂബിലി ആഘോഷം നാളെ രാവിലെ കോഴിക്കോട് അശോകപുരം ചേമ്പർ ഭവനിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്യും.

ഇതിന്റെ ഭാഗമായി ർ B 2 B എക്സ്പോ കാലിക്കറ്റ് ട്രേഡ് സെന്ററിൽ 19 നും 20 നും സംഘടിപ്പിക്കും.

✪✪✪

കണ്ണൂരിലെ അങ്കണവാടിയിൽ മൂന്നരവയസ്സുകാരന് വീണ് പരിക്കേറ്റ സംഭവത്തിൽ രണ്ട് ജീവനക്കാരെ സസ്പെന്റ് ചെയ്തു. വനിതാ - ശിശു വികസന വകുപ്പ് ഡയറക്ടറുടെ അന്വേഷണത്തെ തുടർന്നാണ് അങ്കണവാടി വർക്കറേയും ഹെൽപ്പറേയും സസ്പെന്റ് ചെയ്യാൻ മന്ത്രി വീണാ ജോർജ്ജ് നിർദേശം നൽകിയത്. കുട്ടിക്ക് വിദഗ്ധ ചികിത്സ നൽകാനും മന്ത്രി ആവശ്യപ്പെട്ടു.

✪✪✪

കഥ പറഞ്ഞ് കഥ പറഞ്ഞ് കഥയിലെ ശാസ്ത്രം പഠിക്കാതെ പോയതാണ് രാജ്യത്തിന് ഉണ്ടായ അപചയമെന്ന് ഗാനരചയിതാവ് ശ്രീകുമാരൻ തമ്പി പറഞ്ഞു. കോഴിക്കോട്ട് കേസരി നവരാത്രി സർഗോത്സവം സാംസ്കാരിക സദസ്സ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കാലടി സംസ്കൃത സർവകലാശാല വൈസ് ചാൻസലർ ഡോ. K.K. ഗീതാകുമാരി പരിപാടിയിൽ അദ്ധ്യക്ഷയായിരുന്നു.

✪✪✪

കോഴിക്കോട്ട് പെരുമണ്ണയിൽ ലോട്ടറി കച്ചവടത്തിന്റെ മറവിൽ സമാന്തര ലോട്ടറി നടത്തിവന്നയാളെ പന്തീരാങ്കാവ് പോലീസ് പിടികൂടി. രഹസ്യവിവരത്തെ തുടർന്നായിരുന്നു പൊലിസ് റെയ്ഡ്.

✪✪✪

പിണറായി ഗവൺമെന്റ് രാജിവെച്ച് ജനവിധി തേടണമെന്നാവശ്യപ്പെട്ട് BJP കണ്ണൂർ ജില്ലാ കമ്മറ്റി രാവിലെ കളക്ട്രേറ്റിന് മുന്നിൽ ധർണ്ണ നടത്തും. BJP ദേശീയ സമിതിയംഗം C.K പത്മനാഭൻ ഉദ്ഘാടനം ചെയ്യും.

✪✪✪

സംസ്ഥാനത്ത് അടുത്ത ദിവസങ്ങളിൽ മിന്നലോട് കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശക്തമായ മഴ സാധ്യത കണക്കിലെടുത്ത് മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ

ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകി. തെക്ക് കിഴക്കൻ അറബിക്കടലിൽ രൂപപ്പെട്ട ചക്രവാതച്ചുഴിയാണ് മഴയ്ക്ക് കാരണം.

✪✪✪

മാഹി സെയ്ന്റ് തെരേസ ബസിലിക്ക ദേവാലയത്തിലെ തിരുനാളിന് ഇന്ന് കൊടിയേറും. തീർഥാടനകേന്ദ്രത്തിന് ബസിലിക്കപദവി ലഭിച്ച ശേഷം നടക്കുന്ന ആദ്യ തിരുനാളാണിത്.

രാവിലെ കോഴിക്കോട് രൂപതാ വികാരിജനറാൾ ജെൻസൺ പുത്തൻവീട്ടിൽ കർമ്മങ്ങൾക്ക് നേതൃത്വം നൽകും. ഈ മാസം 22 വരെയാണ് തിരുനാൾ ആഘോഷം.

✪✪✪